ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 15-04-2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. പൗരശാക്തീകരണവും ആരും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കലുമാണ് സദ്ഭരണത്തിന്റെ യഥാർഥ ലക്ഷ്യമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan, has said that the true goal of good governance is citizen empowerment and ensuring that no one is left behind.**

2. പാർലമെന്റിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് നാളെ തുടക്കമാകും; വനിതാ സംവരണ ഭേദഗതി ബിൽ ചർച്ചയാകും.

   **A three-day special session of Parliament will begin tomorrow; the Women's Reservation Amendment Bill will be taken up for discussion.**

3. സി ബി എസ് ഇ പത്താം ക്ലാസ് പരീക്ഷാഫലം പ്രഖ്യാപിച്ചു; വിജയശതമാനം 93.7. കേരളത്തിൽ എസ്എസ്എൽസി പരീക്ഷാ മൂല്യനിർണയം നാളെ മുതൽ.

   **The CBSE Class 10 examination results have been declared, with a pass percentage of 93.7. Meanwhile, valuation of SSLC examination papers in Kerala will begin tomorrow.**

4. കേരളത്തിൽ വൈദ്യുതി ഉപഭോഗം റെക്കോർഡിൽ. ഇന്നലെ മാത്രം ഉപയോഗിച്ചത് 112.52 ദശലക്ഷം യൂണിറ്റ്.

**Power consumption in Kerala has reached a record high, with 112.52 million units used yesterday alone.**

5. ഇറാനിലെ സമ്പുഷ്ട യുറേനിയം പ്രശ്നം പരിഹരിക്കാൻ തയ്യാറെന്ന് റഷ്യ.

**Russia has expressed readiness to resolve the issue of enriched uranium in Iran.**

6. ഐ പി എൽ ക്രിക്കറ്റിൽ, ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ലഖ്നൗ സൂപ്പർ ജയന്റ്സിനെ ബാറ്റിങ്ങിനയച്ചു.

**In IPL cricket, Royal Challengers Bengaluru won the toss and elected to field against Lucknow Super Giants.**

**&&&&&&&&&&&&&&&&&**

## REV VP - GOVERNANCE- INTRO

ജനങ്ങളെ ശാക്തീകരിക്കുകയും ആരും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുകയുമാണ് സദ്ഭരണ സംവിധാനത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ 72-ാാം സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള കരുത്തുറ്റ സങ്കേതമാണ് നിർമ്മിത ബുദ്ധിയെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

**&&&&&&&&&&&&&&&&&**

## PARLIAMENT SPECIAL SESSION

പാർലമെന്റിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് നാളെ തുടക്കമാകും. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം ലക്ഷ്യമിട്ട് 2023-ൽ പാസാക്കിയ നിയമം ഭേദഗതികളോടെ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടാണ് സമ്മേളനം.

&&&&&&&&&&&&&&&&&

## PRATIBHA PATIL - WOMEN RESERVATION

വനിതാ സംവരണ ബില്ലിന് പിന്തുണ അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തെഴുതി ഇന്ത്യയുടെ ആദ്യ വനിതാ രാഷ്ട്രപതി പ്രതിഭ പാട്ടീൽ. പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകളുടെ സാന്നിധ്യം വർദ്ധിക്കുന്നത് നിയമനിർമ്മാണ ചർച്ചകളെ സമ്പന്നമാക്കുമെന്ന് അവർ പറഞ്ഞു.

&&&&&&&&&&&&&&&&&

## TAMILNADU- ELECTION

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിൽ പ്രചാരണം ഊർജിതം. പ്രധാനമന്ത്രിയും ബിജെപി നേതാവുമായ നരേന്ദ്ര മോദി നാഗർകോവിലിൽ റോഡ് ഷോയിൽ പങ്കെടുത്തു. തമിഴ്നാട് മുഖ്യമന്ത്രിയും ഡിഎംകെ നേതാവുമായ എം.കെ. സ്റ്റാലിൻ സേലം ജില്ലയിലാണ് പ്രചാരണം നടത്തിയത്. തമിഴക വെട്രി കഴകം നേതാവും നടനുമായ വിജയ്യും പ്രചാരണത്തിൽ സജീവമാണ്.

&&&&&&&&&&&&&&&&&

## ELECTION- WEST BENGAL

പശ്ചിമബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന് ഒരാഴ്ച മാത്രം ശേഷിക്കെ, പ്രചാരണം

ശക്തമാകുന്നു. ബിജെപി നേതാക്കളും കേന്ദ്രമന്ത്രിമാരുമായ അമിത് ഷാ, നിർമ്മല സീതാരാമൻ എന്നിവർ വിവിധ മേഖലകളിൽ പ്രചാരണത്തിനെത്തി. തൃണമൂൽ കോൺഗ്രസ് അധ്യക്ഷ മമത ബാനർജി, വടക്കൻ ദിനാജ്പുർ ജില്ലയിലെ പൊതുയോഗത്തിലും, സിലിഗുരി, ചൽസ എന്നിവിടങ്ങളിലെ റോഡ് ഷോയിലും പങ്കെടുത്തു. 2,926 സ്ഥാനാർഥികളാണ് ബംഗാളിൽ മത്സരരംഗത്തുള്ളത്.

&&&&&&&&&&&&&&&&&

## CBSE - CLASS 10 RESULTS

CBSE പത്താം ക്ലാസ് പരീക്ഷാഫലം പ്രഖ്യാപിച്ചു. 93.7 ആണ് വിജയശതമാനം. ഏറ്റവും ഉയർന്ന വിജയശതമാനം 99.79 രേഖപ്പെടുത്തിയത് തിരുവനന്തപുരം, വിജയവാഡ മേഖലകളിലാണ്. പെൺകുട്ടികളുടെ വിജയശതമാനം 94.99-ഉം ആൺകുട്ടികളുടേത് 92.69-മാണ്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽ 87.5 ശതമാനം വിദ്യാർഥികളും പരീക്ഷ ജയിച്ചു. തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ക്യാമ്പസിലെ പി.എം ശ്രീ കേന്ദ്രീയ വിദ്യാലയം, 100 ശതമാനം വിജയം എന്ന മികച്ച നേട്ടം കൈവരിച്ചു. പരീക്ഷയെഴുതിയ 128 വിദ്യാർത്ഥികളും ഉന്നതവിജയം കരസ്ഥമാക്കി. cbse.gov.in, results.cbse.nic.in, cbseresults.nic.in വെബ്സൈറ്റുകളിൽ ഫലം ലഭ്യമാണ്.

&&&&&&&&&&&&&&&&&

## KERALA SSLC

കേരളത്തിൽ എസ്എസ്എൽസി പരീക്ഷാ മൂല്യനിർണയം നാളെ തുടങ്ങും. മെയ് രണ്ടാം വാരം ഫലം പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&&

## BIRLA-FRENCH DELEGATION

വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറും ലോക്സഭാ സ്പീക്കർ ഓം ബിർളയും ഫ്രാൻസ്-ഇന്ത്യ പാർലമെന്ററി ഫ്രണ്ട്ഷിപ്പ് ഗ്രൂപ്പ് പ്രതിനിധിസംഘവുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും പാർലമെന്ററി സഹകരണത്തെക്കുറിച്ചും ഇരുവിഭാഗവും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&

## JAISHANKAR - AZEC PLUS MEETING

ആഗോള ഊർജ്ജ ആശങ്കകൾക്കിടയിൽ സുരക്ഷിതവും തടസ്സമില്ലാത്തതുമായ സമുദ്ര ഗതാഗതം ഉറപ്പാക്കണമെന്നതാണ് ഇന്ത്യയുടെ ഉറച്ച നിലപാടെന്ന് വിദേശകാര്യമന്ത്രി എസ്. ജയ് ശങ്കർ. ഊർജ്ജ വിതരണശൃംഖലയിലുണ്ടായ തടസ്സങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ജപ്പാൻ വിളിച്ചുചേർത്ത ഏഷ്യ സീറോ-എമിഷൻ കമ്മ്യൂണിറ്റി പ്ലസ് യോഗത്തിൽ ശ്രീ ജയ്ശങ്കർ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## INDIA- UNSC

ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിൽ സ്ഥിരാംഗത്വത്തിന്റെ 'ദ്വിതല' സംവിധാനം സൃഷ്ടിക്കുന്ന പരിഷ്കരണത്തെ എതിർത്ത് ഇന്ത്യ. എന്നാൽ, പുതിയ സ്ഥിരാംഗങ്ങൾക്ക് 15 വർഷത്തേക്ക് വീറ്റോ അധികാരങ്ങൾ മാറ്റിവയ്ക്കാനുള്ള G-4 ഗ്രൂപ്പിൻറെ ഒത്തുതീർപ്പ് നിർദ്ദേശത്തെ ഇന്ത്യ പിന്തുണച്ചു.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 26-ന്. പരിപാടിയുടെ 133-ാ◌ം പതിപ്പാണിത്. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ

നരേന്ദ്ര മോദി ആപ്പിലൂടെയോ MY GOV ഓപ്പൺ ഫോറം വഴി ഓൺലൈനായോ ജനങ്ങൾക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&

**BIHAR-PLEDGE**

ബിഹാർ മുഖ്യമന്ത്രിയായി ബിജെപി നേതാവ് സമ്രാട്ട് ചൗധരി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജെഡിയു അധ്യക്ഷൻ നിതീഷ് കുമാർ രാജിവച്ചതിനെ തുടർന്നാണ് സമ്രാട്ട് ചൗധരി മുഖ്യമന്ത്രിപദത്തിലെത്തിയത്.

&&&&&&&&&&&&&&&&&

**GOVT-WEST ASIA BRIEF- INTRO**

ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതായി കേന്ദ്രസർക്കാർ. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ 20 ലക്ഷത്തിലധികം പുതിയ എംഎസ്എംഇകൾ രജിസ്റ്റർ ചെയ്തതായി എംഎസ്എംഇ മന്ത്രാലയം അഡീഷണൽ സെക്രട്ടറി ഡോ. രജനീഷ്, ന്യൂഡൽഹിയിൽ അന്തർമന്ത്രാലയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ് വോയിസ്)

രാജ്യത്തെ ഗാർഹിക പാചക വാതക വിതരണം തടസമില്ലാതെ തുടരുന്നതായി പെട്രോളിയം പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ പറഞ്ഞു. LPG ബുക്കിങ് ഇടവേള നിലവിലെ രീതിയിൽ തുടരുമെന്നും ജോയിന്റ് സെക്രട്ടറി അറിയിച്ചു.

&&&&&&&&&&&&&&&&&

## GUJARAT-JAG VIKRAM

ഇന്ത്യൻ പതാക വഹിച്ചുള്ള എൽപിജി കപ്പൽ എംവി ജഗ് വിക്രം ഇന്ന് ഗുജറാത്തിലെ ദീൻദയാൽ തുറമുഖത്ത് എത്തിച്ചേർന്നു. 20,400 മെട്രിക് ടൺ എൽപിജിയുമായാണ് കപ്പലെത്തിയത്.

&&&&&&&&&&&&&&&&&

## VISHU

നിറഞ്ഞ മനസോടെ വിഷു ആഘോഷിച്ച് ലോകമെമ്പാടുമുള്ള മലയാളികൾ. ഗുരുവായൂർ, ശബരിമല, പത്മനാഭസ്വാമി ക്ഷേത്രം തുടങ്ങിയ പ്രമുഖ ക്ഷേത്രങ്ങളിലെല്ലാം വിഷുക്കണി ദർശനം ഒരുക്കിയിരുന്നു.

&&&&&&&&&&&&&&&&&

## TEMPARATURE

കേരളത്തിൽ ചൂട് വർധിക്കുന്നു. കോന്നി, ചെങ്ങന്നൂർ, ചങ്ങനാശേരി, മൂന്നാർ എന്നിവിടങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പാലക്കാട് ജില്ലയിൽ താപനില 40 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&

## ELECTRICITY CONSUMPTION

കേരളത്തിൽ വൈദ്യുതി ഉപഭോഗം റെക്കോർഡിൽ. ഇന്നലെ മാത്രം ഉപയോഗിച്ചത് 112.52 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ്. ഈ മാസത്തെ ഏറ്റവും ഉയർന്ന കണക്കാണിതെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## RUSSIA- IRAN ENRICHED URANIUM

ഇറാനിലെ സമ്പുഷ്ട യുറേനിയം പ്രശ്നം പരിഹരിക്കുന്നതിൽ പങ്കുവഹിക്കാൻ തയ്യാറാണെന്ന് റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്‌റോവ് ആവർത്തിച്ചു. ഇറാന്റെ അവകാശങ്ങൾ ലംഘിക്കാതെ, യുറേനിയം ഇന്ധന ആവശ്യങ്ങൾക്കായി പുനർനിർമ്മാണം നടത്താനോ നിശ്ചിത അളവ് സൂക്ഷിച്ചുവയ്ക്കുന്നതിനായി റഷ്യയിലേക്ക് മാറ്റാനോ തയ്യാറാണെന്ന് അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## IPL

ഐ പി എൽ ക്രിക്കറ്റിൽ, ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ലഖ്നൗ സൂപ്പർ ജയന്റ്സിനെ ബാറ്റിങ്ങിനയച്ചു. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&

## ISL FOOTBALL

ഐഎസ്എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് -നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം പുരോഗമിക്കുന്നു. കൊച്ചിയിലാണ് മത്സരം.

&&&&&&&&&&&&&&&&&

## NFDC- MALAYALAM ALBUM

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ചലച്ചിത്ര വികസന കോർപറേഷൻ ലിമിറ്റഡിന്റെ ഏറ്റവും പുതിയ മലയാള ഫീച്ചർ ചലച്ചിത്രമായ 'അച്ചപ്പയുടെ ആൽബം' ഈ മാസം 24ന് പ്രദർശനത്തിനെത്തും. ദീപ്തി പിള്ള ശിവനാണ് ചിത്രം സംവിധാനം ചെയ്തത്.

&&&&&&&&&&&&&&&&&

## INDIA - GERMANY

ഇന്ത്യ-ജർമ്മനി ഫോറിൻ ഓഫീസ് കൺസൾട്ടേഷൻ ഇന്നലെ ബെർലിനിൽ നടന്നു. ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയും, ജർമ്മൻ വിദേശകാര്യ മന്ത്രാലയം സ്റ്റേറ്റ് സെക്രട്ടറിയും സംയുക്തമായി ചർച്ചകളിൽ അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&&&&&

## J-K- AMARNATH YATRA

അമർനാഥ് യാത്രയ്ക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ഓൺലൈൻ വഴിയും ഓഫ്‌ലൈൻ വഴിയും മുൻകൂട്ടി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. 57 ദിവസം നീളുന്ന അമർനാഥ് തീർത്ഥാടനം ജൂലൈ 3-ന് ആരംഭിച്ച് ഓഗസ്റ്റ് 28-ന് സമാപിക്കും.

&&&&&&&&&&&&&&&&&

&&&&&&&&&&

&&&